**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5728** **13-08-2021 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ സാംസ്കാരിക കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ സർക്കാരിന്റെ നിയന്ത്രണത്തിലുള്ള എത്ര സാംസ്കാരിക കേന്ദ്രങ്ങളാണ് ഉള്ളത്; വിശദ വിവരം നൽകാമോ; | (എ) | സർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്ന 27 ഉം ആവർത്തന ഗ്രാന്റ് ലഭിക്കുന്ന 38 ഉം ആയി ആകെ 65 സ്ഥാപനങ്ങൾ നിലവിലുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കോവിഡ് കാലത്ത് ഈ സാംസ്കാരിക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കലാകാരന്മാരുടെ ക്ഷേമ പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | കോവിഡ് മഹാമാരി മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും കുറഞ്ഞത് 10 വർഷക്കാലം തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ളവരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും ആകെ 640 ലക്ഷം രൂപ ചെലവഴിച്ച് പ്രതിമാസം 1000/- രൂപാ വീതം 2 മാസത്തേക്ക് അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് യഥാസമയം അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് യാതൊരുവിധ ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ 29050കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000/- രൂപാ വീതം ആകെ 290.5ലക്ഷം രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000/- രൂപ വീതം നൽകി. ഈ വർഷം 1000/- രൂപ വീതം ധനസഹായം നൽകി വരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകി വരുന്നു. കോവിഡ് കാലത്ത് കലാ സാംസ്കാരിക രംഗത്തെ തൊഴിൽ നഷ്ടം കണക്കിലെടുത്ത് |

| | | | |
|---|---|---|---|
| | | | കലാകാരന്മാരുടെ കുടുംബാംഗങ്ങളെ സഹായിക്കുക എന്നത് കൂടി പരിഗണിച്ച് മലയാളം മിഷന്റെ റേഡിയോ മലയാളം വഴി നവോത്ഥാന നാടക പരമ്പര ആരംഭിച്ചു. ആദ്യ നാടകം 6 എപ്പിസോഡുകളിലായി റേഡിയോ, യുട്യൂബ് എന്നിവ വഴി പ്രക്ഷേപണം ചെയ്തു. ഇതിലൂടെ കുറച്ച് കലാകാരന്മാർക്ക് ചെറിയ ധനസഹായം ലഭിക്കുന്നുണ്ട്. കോവിഡ് മഹാമാരി മൂലം തൊഴിൽ നഷ്ടമായ കലാകാരന്മാരെ സഹായിക്കുന്നതിനായി കേരള സംഗീത നാടക അക്കാദമി 'സർഗ്ഗഭൂമിക' എന്ന ഓൺലൈൻ പ്ലാറ്റ്ഫോം വഴി കലാകാരന്മാർക്ക് പ്രതിഫലത്തോടെ പരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകി. ഈ സർക്കാരിന്റെ കാലത്ത് നൂറു കേരള ഗാനങ്ങൾ രചിച്ച് സംഗീതം നൽകി പാടുന്ന കലാകാരന്മാർക്ക് ഓരോരുത്തർക്കും 5000/- രൂപ വീതം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 25 അമേച്വർ കലാസമിതികൾക്ക് 2 ലക്ഷം രൂപാ വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കോവിഡ് ലോക് ഡൗൺ മൂലം പ്രതിസന്ധി നേരിടുന്ന കലാസമൂഹത്തിന് സാമ്പത്തികമായും മാനസികമായും കൈത്താങ്ങാവുന്ന തരത്തിൽ മുപ്പത് ദിവസം ദൈർഘ്യമുള്ള ഒരു നവമാധ്യമ കലാസംഗമം സാംസ്കാരികകാര്യ വകുപ്പിന് വേണ്ടി ' മഴമിഴി ' എന്ന പേരിൽ ആകെ 99,75,000/- രൂപ എസ്റ്റിമേറ്റിൽ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നൽകുകയും അനുപ്രകാരം പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു. ലളിതകലാ അക്കാദമി കോവിഡ് സമാശ്വാസ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച 'നിറകേരളം ' ചിത്രരചനാ പരിപാടിയിൽ 250 കലാകാരന്മാർക്ക് 20,000/- രൂപാ വീതം ധനസഹായവും, പെയിന്റിംഗ് ഉപകരണങ്ങളും വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത കലാകാരന്മാരുടെ പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോയെന്നറിയിക്കാമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന 27 സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്നുണ്ട്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കേരള സാഹിത്യ അക്കാദമി |
| 2 | കേരള ലളിതകലാ അക്കാദമി |
| 3 | കേരള സംഗീത നാടക അക്കാദമി |
| 4 | കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല |
| 5 | കേരള ഫോക്ലോർ അക്കാദമി |
| 6 | ഗുരുഗോപിനാഥ് നടനഗ്രാമം |
| 7 | ഭാരത് ഭവൻ |
| 8 | കേരള ചലച്ചിത്ര അക്കാദമി |
| 9 | കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ |
| 10 | വാസ്തുവിദ്യാ ഗുരുകുലം |
| 11 | വൈലോപ്പിള്ളി സംസ്കൃതി ഭവൻ |
| 12 | മലയാളം മിഷൻ |
| 13 | കേരള ബുക്ക് മാർക്ക് |
| 14 | കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് |
| 15 | ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് |
| 16 | കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് |
| 17 | മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി |
| 18 | മാർഗ്ഗി കഥകളി കേന്ദ്രം |
| 19 | ശ്രീനാരായണ അന്തർദേശീയ പഠനകേന്ദ്രം |
| 20 | പൈതൃക പഠനകേന്ദ്രം |
| 21 | ജവഹർ ബാലഭവൻ, തിരുവനന്തപുരം |
| 22 | ജവഹർ ബാലഭവൻ, കോട്ടയം |
| 23 | ജവഹർ ബാലഭവൻ,ആലപ്പുഴ |

| | |
|---|---|
| 24 | ജവഹർ ബാലഭവൻ, തൃശ്ശൂർ |
| 25 | ജവഹർ ബാലഭവൻ,കൊല്ലം |
| 26 | കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്, തോന്നയ്ക്കൽ |
| 27 | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് |

## ആവർത്തന ഗ്രാന്റ് അനുവദിക്കുന്ന സ്ഥാപനങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സരസകവി മൂലൂർ സ്മാരകം, ഇലവുംതിട്ട, പത്തനംതിട്ട |
| 2 | പ്രൊഫ. എൻ. കൃഷ്ണപിള്ള ഫൗണ്ടേഷൻ, നന്ദാവനം |
| 3 | മഹാകവി ഉള്ളൂർ സ്മാരക ലൈബ്രറി & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് |
| 4 | സഹോദരൻ അയ്യപ്പൻ സ്മാരകം, ചെറായി |
| 5 | കുഞ്ചൻ നമ്പ്യാർ സ്മാരകം, കിള്ളിക്കുറിശ്ശി മംഗലം |
| 6 | മഹാകവി പി സ്മാരകം, കൊല്ലംകോട് |
| 7 | ഷഡ്കാലഗോവിന്ദ മാരാർ സ്മാരകം, രാമപുരം |
| 8 | പി.കെ. പരമേശ്വരൻ നായർ സ്മാരക ട്രസ്റ്റ് |
| 9 | ചെറുകാട് സ്മാരക ട്രസ്റ്റ് പെരിന്തൽമണ്ണ |
| 10 | കൊട്ടാരത്തിൽ ശങ്കുണ്ണി സ്മാരക ട്രസ്റ്റ് |
| 11 | വക്കം മൗലവി ഫൗണ്ടേഷൻ ട്രസ്റ്റ് |
| 12 | കണ്ണക സ്മാരക ട്രസ്റ്റ്, നിരണം.പി.ഒ, തിരുവല്ല |
| 13 | അപ്പൻ തമ്പുരാൻ സ്മാരകം |
| 14 | ആശാൻ മെമ്മോറിയൽ അസോസിയേഷൻ, കായിക്കര |
| 15 | എ.ആർ. രാജരാജവർമ്മ സ്മാരകം |
| 16 | വി.ടി.ഭട്ടതിരി സ്മാരക ട്രസ്റ്റ്, അങ്കമാലി |
| 17 | കുഞ്ചൻ നമ്പ്യാർ സ്മാരകം, അമ്പലപ്പുഴ |
| 18 | രംഗപ്രഭാത്, വെഞ്ഞാറമൂട് |
| 19 | കൾച്ചറൽ സൊസൈറ്റി ഓഫ് അങ്കമാലി |
| 20 | വികാസ് കലാ സാംസ്കാരിക സമിതി, ചവറ |

| | |
|---|---|
| 21 | കലാഭാരതി ഗുരു, ചെങ്ങന്നൂർ, പകൽക്കുറി |
| 22 | എം.ബി.എസ്. യുത്ത് ക്വയർ ലെനിൻ ബാലവാടി |
| 23 | തൃപ്പൂണിത്തുറ കഥകളി കേന്ദ്രം |
| 24 | നവരംഗം മയ്യനാട് |
| 25 | കേരള കലാരംഗം, പുതക്കുളം |
| 26 | ആലുവ സംഗീത സഭ, ആലുവ |
| 27 | നൂപുര മോഹിനിയാട്ടം ഇൻസ്റ്റിറ്റ്യൂട്ട്, പൂജപ്പുര |
| 28 | ഉണ്ണായി വാര്യർ സ്മാരകം, ഇരിങ്ങാലക്കുട |
| 29 | ഗാന്ധിസേവാസദൻ കഥകളി & ക്ലാസിക് ആർട്സ് അക്കാദമി, പേരൂർ |
| 30 | തുഞ്ചൻ സ്മാരക ട്രസ്റ്റ്, തിരൂർ |
| 31 | ഗോവിന്ദ പൈ സ്മാരകം |
| 32 | കാർട്ടൂൺ അക്കാദമി |
| 33 | തെരുവരങ്ങ് നാടകോത്സവം |
| 34 | ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ |
| 35 | സി.അച്യുതമേനോൻ സ്റ്റഡി സെന്റർ & ലൈബ്രറി |
| 36 | മങ്ങാട് കലാ തീയറ്റേഴ്സ് |
| 37 | വിശ്വകലാകേന്ദ്രം |
| 38 | ശ്രീ ചിത്തിര തിരുനാൾ സംഗീത സഭ |